# മുഖഛായ

■ പറവൂർ ബാബു



ഓലവീടും
ഓടുവീടും
ഓർമ്മ മാത്രമായ്
തീർന്ന കാലം
ചുറ്റു മതിലുകൾ
കെട്ടിത്തിരിച്ചും
ചുറ്റുവട്ടത്തുള്ള
കാഴ്ച മറച്ചും
മുറ്റമില്ലാ വീടുകൾ
മുറ്റി മുറ്റി
നാടിൻ മുഖഛായ
തന്നെ മാറ്റി.

# പാലപ്പൻ

■ പാപ്പച്ചൻ കടമക്കുടി

പാലക്കാട്ടൊരു പാലപ്പൻ
പാലംവഴിയേ നടക്കുമ്പോൾ
പാടംചുറ്റിപ്പുഴ ചുറ്റി
പാഞ്ഞു വരുന്നേ പേക്കാറ്റ്
പാലൻ ചൂടും കുട തട്ടി
പാറിപ്പാറിപ്പോകുമ്പോൾ
പാലപ്പലക മറിഞ്ഞയ്യാ
പാവം പുഴയിൽ വീണല്ലോ
പാറകൾ തട്ടിത്താഴേക്ക്
പാഞ്ഞകലുന്നൊരു പാൽപുഴയിൽ
പാലപ്പലകയിലേറീട്ട്
പാലൻ താഴേക്കൊഴുകുന്നു.



ഹിരോഷിമയിലെ അണുബോംബ് സ്ഫോടനത്തെ അതിജീവിച്ച വൃക്ഷയിനം– ജിങ്ഗോ മരം